I/207231/2024

**തദ്ദേശസ്വയംഭരണവകുപ്പ് ജോയിന്റ് ഡയറക്ടർ ആഫീസ്, ആലപ്പുഴ**
**എം. എം. ബിൽഡിംഗ്, കല്ലുപാലത്തിന് സമീപം,**
**ഇരുമ്പുപാലം പി.ഒ. ആലപ്പുഴ, 688 011**
**ഇമെയിൽ:** jdlsgdalp@gmail.com, **ഫോൺ:** 0477 2251599

നമ്പർ: LSGD/JD/ALP/1408/2023-A7 തീയതി: 16-02-2024

ജോയിന്റ് ഡയറക്ടർ
തദ്ദേശസ്വയംഭരണവകുപ്പ്
ആലപ്പുഴ

ബഹു.പ്രിൻസിപ്പൽ ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്

സർ,

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല - നവകേരളസദസ്സ്- തീരദേശ പരിപാലന നിയമം, ഹൈവേ ആക്സസ് പെർമിറ്റ് എന്നിവയിൽ ഇളവ് നൽകുന്നത് സംബന്ധിച്ച്.

സൂചന: നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകൾ.

**നവകേരള സദസ്സ്**

നവകേരള സദസ്സിൽ തീരദേശ പരിപാലന നിയമം, ഹൈവേ ആക്സസ് പെർമിറ്റ് എന്നീ നിയമങ്ങളിൽ ഇളവ് നൽകുന്നതിനായി ലഭിച്ച അപേക്ഷകളിൽ തുടർ നടപടി സ്വീകരിക്കുന്നതിലേക്കായി സൂചന അപേക്ഷകളും റിപ്പോർട്ടും ചുവടെ ചേർത്ത് സമർപ്പിക്കുന്നു.

ആലപ്പുഴ ജില്ലയിൽ 21 തീരദേശ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണുള്ളത്. ഭൂരിഭാഗം തീരദേശ തദ്ദേശ സ്ഥാപന പ്രദേശങ്ങളിൽ കൂടിയും ദേശീയപാത കടന്ന് പോകുന്നു. ദേശീയപാത വികസനത്തിനായി പൊളിച്ച് മാറ്റിയ വീടുകളും മറ്റു കെട്ടിടങ്ങളും നിരവധിയാണ്. ഭാഗികമായി പൊളിച്ച് മാറ്റിയവയുടെ എണ്ണവും വളരെ കൂടുതലാണ്. കെട്ടിടങ്ങളുടെ പുനർ നിർമ്മാണാനുമതി ലഭിക്കുന്നില്ലെന്നും പുനർ നിർമ്മിച്ച വീടുകൾക്കും കെട്ടിടങ്ങൾക്കും നമ്പർ ലഭിക്കുന്നില്ലെന്നും വിവിധ കോണുകളിൽ നിന്നും പരാതി

ഉയരുന്ന ഒരു സാഹചര്യവും നിലനിൽക്കുന്നതായി ഗ്രാമപഞ്ചായത്ത് അധ്യക്ഷൻമാർ അറിയിച്ചിട്ടുണ്ട് . ഇതുമൂലം ഗ്രാമ പഞ്ചായത്തിന് കിട്ടാനുള്ള നികുതികൾ നഷ്ടപ്പെടുന്നതായി സെക്രട്ടറിമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. ഹൈവെ വികസനത്തിനായി വിട്ടുകൊടുത്ത ഭൂമിയോട് ചേർന്നുള്ള വസ്തുവിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതിയും, കെട്ടിട നമ്പരും ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് സൂചന പരാതികളിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

പുറക്കാട് ഗ്രാമ പഞ്ചായത്തിൽ ഇരുന്നൂറോളം കെട്ടിടങ്ങൾ ദേശീയപാത വികസനത്തിനായി ഭാഗികമായോ പൂർണ്ണമായോ പൊളിച്ചു മാറ്റുകയുണ്ടായെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അധ്യായം X ൽ വികസനത്തിനായി ഭൂമി വിട്ടുകൊടുത്ത ശേഷം ബാക്കി വരുന്ന ഭൂമിയിലെ കെട്ടിട നിർ മ്മാണത്തിന് ചട്ടങ്ങളിൽ നൽകിയിരിക്കുന്ന ഇളവുകളെപ്പറ്റി പ്രതിപാദിക്കുന്നു. ചട്ടം 66 – ഭൂമി സൌജന്യമായി വിട്ടു കൊടുത്തിട്ടില്ലെങ്കിൽ കൂടിയും കെട്ടിടത്തിന്റെ ഒരു ഭാഗം പൊളിച്ചു നീക്കിയാൽ ആ ഭാഗത്ത് മാത്രം ഭിത്തി നിർമ്മിക്കുകയോ, വാതിലോ ഷട്ടറോ നിർമ്മിക്കുകയോ ചെയ്യാൻ സെക്രട്ടറിക്ക് അനുമതി നൽകാം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കടൽത്തീരവുമായി അടുത്ത് കിടക്കുന്നതിനാൽ തീരദേശ പരിപാലന നിയമം ബാധകമാണെന്നും ഇതും കെട്ടിടങ്ങളുടെ നിർമ്മാണ അനുമതി നൽകുന്നതിന് തടസ്സമാകുന്നു. നിലവിൽ തീരദേശ പരിപാലന നിയമം അനുസരിച്ചുള്ള 2011 ലെ വിജ്ഞാപനമാണ് സംസ്ഥാനത്ത് ബാധകമായിട്ടുള്ളത്. 2019 ലെ കരട് വിജ്ഞാപനം അന്തിമമാക്കിയാൽ കൂടുതൽ ഇളവുകൾ സംസ്ഥാനത്തെ തീരമേഖലയിലെ നിർമ്മാണങ്ങൾക്ക് ലഭ്യമാകുമെന്ന് കാണുന്നു. ഇത് സംബന്ധിച്ച് കേരള സംസ്ഥാന തീരദേശ പരിപാലന അതോറിറ്റി പൊതുജനങ്ങളിൽ നിന്നും അഭിപ്രായം ശേഖരിച്ചിട്ടുള്ളതാണ്. ആയതിനാൽ 2019 ലെ വിജ്ഞാപനം കൂടുതൽ ഇളവുകളോടെ അന്തിമമാക്കി വിജ്ഞാപനം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാരിനോട് അപേക്ഷിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു.

കൂടാതെ 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അധ്യായം X ലെ വ്യവസ്ഥകളിൽ കൂടുതൽ ഇളവുകൾ ഉൾപ്പെടുത്തിയാൽ മാത്രമേ അപേക്ഷയിലെ ആവശ്യം നിറവേറ്റാൻ സാധിക്കുകയുള്ളൂ. ആയത് ബഹു. സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്യുന്നു.

I/207231/2024

മേൽ വിവരങ്ങൾ അങ്ങയുടെ അറിവിലേക്കും അനന്തരനടപടികളിലേക്കുമായി സമർപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

Signed by
Binu John
Date: 16-02-2024 14:30:28

BINU JOHN
JOINT DIRECTOR